Malayala Manorama daily 09.01.2021

# ഒറ്റത്തവണ സമ്പൂർണ ദന്തചികിത്സ: പദ്ധതിക്ക് തുടക്കമായി

## ചികിത്സ കോട്ടയം ഗവ. ഡെന്റൽ കോളജിൽ. ലഭ്യമാകുക ഭിന്ന ശേഷിക്കാരായ കുട്ടികൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ കുട്ടികൾക്കും

കോട്ടയം ● ഭിന്ന ശേഷിക്കാരായ കുട്ടികൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ കുട്ടികൾക്കും ഒറ്റത്തവണ സമ്പൂർണ ദന്തചികിത്സ നൽകുന്ന പദ്ധതിക്ക് ഗവ. ഡെന്റൽ കോളജിൽ തുടക്കമായി. 13 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ഓട്ടിസം ബാധിച്ചവർ, ഭിന്ന ശേഷിക്കാർ, മറ്റ് കിടപ്പു രോഗികളായ കുട്ടികൾ എന്നിവർക്ക് പലപ്പോഴും സാധാരണ ദന്ത സംരക്ഷണമോ ദന്ത ചികിത്സകളെ ചെയ്യാൻ കഴിയാറില്ല. പലതരം ദന്തരോഗങ്ങൾക്ക് ഒന്നിലധികം തവണ സാധാരണ കുട്ടികളെ കൊണ്ടുവരുന്നതു പോലെ ഇവരെ കൊണ്ടുവന്ന് ചികിത്സകൾ നൽകാനും കഴിയില്ല. സാധാരണ കുട്ടികളെ പോലെ മരപ്പിച്ചുള്ള ഡെന്റൽ ചികിത്സകളും ഇവർക്ക് ചെയ്യാൻ പറ്റില്ല എന്നത് മാതാപിതാക്കൾക്കും ഡോക്ടർമാർക്കും ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഇതിനു പരിഹാരമായി ഇത്തരം കുട്ടികൾക്ക് ജനറൽ അനസ്തീസിയ നൽകി ഒറ്റത്തവണ തന്നെ ഇവരുടെ എല്ലാ ദന്തൽ ചികിത്സകളും ലഭ്യമാക്കുന്ന പദ്ധതിയാണ് നിലവിൽ വന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും ഒട്ടേറെ പ്രാവശ്യം ആശുപത്രിയിൽ എത്തുന്നതിന്റെ ബുദ്ധിമുട്ടുകളും ഒഴിവാക്കാം.

സ്വകാര്യ ആശുപത്രിയിൽ 2 ലക്ഷം രൂപ വരെ ചെലവുള്ള ചികിത്സകളാണ് സൗജന്യമായി കുട്ടികൾക്ക് ലഭ്യമാക്കുന്നതെന്ന് ഗവ. ഡെന്റൽ കോളജ് പ്രിൻസിപ്പൽ ഡോ. വി.ടി. ബീന പറഞ്ഞു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഗവ. ഡെന്റൽ കോളജ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത്.

അനസ്തീസിയ വിഭാഗത്തിലെ ഡോ. കെ.എസ്. ശാന്തി, ഡോ. യു. മുരളീകൃഷ്ണൻ, ഓറൽ ആൻഡ് മാക്സിലോഫേഷ്യൽ ഡോ. എസ്. മോഹൻ എന്നിവരുടെ സഹകരണത്തോടെ കുട്ടികളുടെ ദന്ത ചികിത്സാ വിഭാഗം മേധാവി ഡോ. ടി.വി. അനുപം കുമാറാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

### മാതാപിതാക്കൾ ചെയ്യേണ്ടത്:

● ഇത്തരത്തിലുള്ള കുട്ടികളെ മെഡിക്കൽ കോളജിനു സമീപമുള്ള ഗവ.ഡെന്റൽ കോളജിൽ കൊണ്ടുവന്നു പരിശോധനയ്ക്ക് വിധേയരാക്കണം ഇത്തരം കുട്ടികൾക്ക് ശസ്ത്രക്രിയ തിയറ്ററിൽ വച്ച് ജനറൽ അനസ്തീസിയ നൽകി ചികിത്സ നൽകേണ്ട ദിവസം അറിയിക്കും. ഈ ദിവസം എല്ലാവിധ ഡെന്റൽ ചികിത്സാ വിഭാഗങ്ങളിലെയും ഡോക്ടർമാരും ചികിത്സകളിൽ പങ്കെടുക്കും.

---

Mathrubhumi Daily News paper 09.01.2021

# അവരും നന്നായി ചിരിക്കട്ടെ...

## ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സൗജന്യ ദന്തചികിത്സാ പദ്ധതി കോട്ടയം ഡെന്റൽ കോളേജിൽ

ഗാന്ധിനഗർ ▸ പതിമൂന്നുവയസ്സിൽ താഴെയുള്ള ഭിന്നശേഷിക്കാർക്ക് സമ്പൂർണ സൗജന്യ ദന്തചികിത്സാ പദ്ധതി കോട്ടയം ഡെന്റൽ കോളേജിൽ ആരംഭിച്ചു. സ്വകാര്യ ആശുപത്രിയിൽ ലക്ഷങ്ങൾ ചെലവുവരുന്ന ചികിത്സകളാണ് ഇവിടെ സൗജന്യമായി ചെയ്യുന്നത്. കുട്ടികളുടെ ദന്തചികിത്സാ വിഭാഗം മേധാവി ഡോ. ടി.വി.അനുപംകുമാറിന്റെ നേതൃത്വത്തിൽ വിവിധ വിഭാഗങ്ങളെ ഒരുമിപ്പിച്ചാണ് ചികിത്സ. പദ്ധതിപ്രകാരം രണ്ട് കുട്ടികൾക്ക് പൂർണചികിത്സ നൽകി.

പലപ്പോഴും ദന്തശുചീകരണംപോലും ഭിന്നശേഷിക്കാരായ കുട്ടികൾ കൃത്യമായി ചെയ്യാറില്ല. അവരെ പരിശോധിക്കുന്നതും ചികിത്സിക്കുന്നതും അതിലേറെ വെല്ലുവിളി നിറഞ്ഞതാണ്. അത്തരക്കാർക്ക് കൃത്യമായ ദന്തചികിത്സ ലഭ്യമാക്കുകയെന്നത് ശ്രമകരമാണെന്ന് കോട്ടയം ഡെന്റൽ കോളേജ് പ്രിൻസിപ്പൽ ഡോ. വി.ടി.ബീന പറഞ്ഞു.

പല്ലിലെ വിവിധ രോഗങ്ങൾക്ക് പരിശോധനകളും ശസ്ത്രക്രിയയും ഒരുദിവസംതന്നെ നടത്തും. ഭിന്നശേഷിക്കാരായ കുട്ടികളെ പലതവണ ആശുപത്രിയിലെത്തിക്കുന്നത് ഒഴിവാക്കാനാണിത്. കുട്ടികളുടെ ദന്തചികിത്സാ വിഭാഗം മേധാവി ഡോ. ടി.വി.അനുപംകുമാറിനൊപ്പം ദന്തശസ്ത്രക്രിയാ വിഭാഗം മേധാവി ഡോ. എസ്.മോഹൻ, അനസ്തീസിയ വിഭാഗം മേധാവി ഡോ. കെ.എസ്. ശാന്തി, ഡോ. യു.മുരളീകൃഷ്ണൻ എന്നിവരടങ്ങിയ സംഘമാണ് നേതൃത്വം നൽകുന്നത്.

# Govt. Dental College, Kottayam

Comprehensive full mouth Dental treatment for differentially abled children less than 13 years under General Anesthesia was started in Dept. of Pedeatric and Preventiave Dentistry Govt. Dental College, Kottayam. This is the first time that this type of treatment is initiated in a Govt. Dental College. This treatment is done under the leadership of Dr. Anupam Kumar T.V. Professor & HOD with the support and guidance of Anesthesia dept. HOD's Dr. Shanthi K.S. Dr. U. Muralikrishnan and Prof.&Head of the OMFS Department Dr. S. Mohan. Children who are not able to open mouth due to severe handicapping conditions are selected and are given full mouth dental treatment under general anesthesia in operation theatre. Mostly these children are discharged on the same day or next day from the Oral Surgery Department where they get admitted for treatment. This treatment is done free of cost in Pediatric Dentistry Department of GDC, Kottayam. Usually this treatment costs around 1.5 to 2 lakhs in private hospitals.